# കേരള കത്തോലിക്കാസഭയിലെ തിരുനാൾ, ഊട്ടുനേർച്ച, നൊവേന എന്നിവയുടെ നടത്തിപ്പിന് കെ.സി.ബി.സി. നല്കുന്ന അജപാലനമാർഗനിർദ്ദേശങ്ങൾ

ക്രൈസ്തവവിശ്വാസജീവിതത്തിൽ ഇടവകത്തിരുനാളുകൾക്ക് അതീവപ്രാധാന്യമുണ്ട്. ദൈവത്തിന്റെ വിസ്മയനീയമായ പ്രവൃത്തികളാണ് തിരുനാളുകൾ വിളംബരം ചെയ്യുന്നത് (SC -111). വിശ്വാസത്തിൽ ആഴപ്പെടാനും ഇടവകക്കൂട്ടായ്മയിൽ വളരാനും തിരുനാളുകൾ സഹായിക്കണം. തിരുനാളാഘോഷങ്ങൾ ആർഭാടത്തിനും ധൂർത്തിനുമുള്ള അവസരമല്ല, അവയിൽ ലാളിത്യം തെളിഞ്ഞുനില്ക്കണം (SC 34). ഇടവക മധ്യസ്ഥരുടെയും വിശുദ്ധരുടെയും മാലാഖമാരുടെയും തിരുനാളുകൾ ആചരിക്കാനും അവരുടെ തിരുസ്വരൂപങ്ങൾ സ്ഥാപിക്കാനും വണങ്ങാനും വിശ്വാസികൾക്കു കടമയുണ്ട് (CCC 1162; Nicaea 11:DS 600; Trent Session 25; SC 41,125). ഇടവകത്തിരുനാളുകൾ വിശ്വാസപാരമ്പര്യത്തിന്റെയും ആരാധനക്രമപൈതൃകത്തിന്റെയും പ്രകാശനമാണ്. നമ്മുടെ തിരുനാളാഘോഷങ്ങളിൽ കടന്നുകൂടിയിരിക്കുന്ന ആർഭാടത്തെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും 2010 ജൂൺ 8 മുതൽ 10 വരെ കൊച്ചിയിൽ ചേർന്ന കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ സമ്മേളനം വിശദമായി ചർച്ചചെയ്യുകയും താഴേപറയുന്ന അജപാലനമാർഗനിർദ്ദേശങ്ങൾ നല്കാൻ തീരുമാനിക്കുകയും ചെയ്തു. കെ.സി.ബി.സി.നിർദ്ദേശങ്ങൾ രൂപതാതലത്തിലും ഇടവകതലത്തിലും നടപ്പിലാക്കാൻ ഏവരും പരിശ്രമിക്കേണ്ടതാണ്.

1. ഓരോ ഇടവകസമൂഹത്തിനും ആത്മീയശുശ്രൂഷ ചെയ്യാനുള്ള ഉത്തരവാദിത്വം അതത് ഇടവകവികാരിമാരിലാണു നിക്ഷിപ്തമായിരിക്കുന്നത്. തിരുന്നാളുകളും ഇടവകദൈവാലയത്തിലെ ഇതര ആഘോഷങ്ങളും ഒരിക്കലും വാണിജ്യവത്ക്കരിക്കപ്പെടരുത്. തിരുന്നാളുകളുടെ ആത്മീയ ചൈതന്യം നിലനിറുത്താൻ ഏവരും ശ്രദ്ധിക്കണം.

2. തിരുനാളിന്റെയോ നൊവേനയുടെയോ ഭാഗമായി സംഘടിപ്പിക്കുന്ന നേർച്ചസദ്യ, ഊട്ടുനേർച്ച തുടങ്ങിയവ കഴിവതും ഇടവകസമൂഹത്തിന്റെ മാത്രം പരിപാടിയായി നടത്തുന്നതാണ് ഉത്തമം. ഓരോ തിരുനാളും ഇടവകയുടെ ആത്മീയ പരിപോഷണം ലക്ഷ്യം വച്ചുകൊണ്ടാണല്ലോ നടത്തപ്പെടേണ്ടത്. മതസൗഹാർദ്ദവും സാഹോദര്യവും കൂട്ടായ്മയും ഉദ്ദേശിച്ചുകൊണ്ട് പ്രത്യേക അവസരങ്ങളിൽ ഇടവകാതിർത്തിയിലുള്ള ഇതര മതസ്ഥരെയും ഇതിലേക്കു ക്ഷണിക്കുന്നത് മാതൃകാപരമായിരിക്കും.

3. തിരുനാൾ, നൊവേന, ധ്യാനം, ഇടവകയിൽ നടത്തപ്പെടുന്ന ബൈബിൾ കൺവെൻഷൻ, ഊട്ടുനേർച്ച തുടങ്ങിയവയുടെ പരസ്യങ്ങൾ വിപണനക്കാർ ചെയ്യുന്നതുപോലെ വലിയ ഹോർഡിങ്ങുകൾ ഫ്ളെക്സ് ബോർഡുകൾ എന്നിവയിലൂടെ നല്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. വലിയ തീർത്ഥാടനകേന്ദ്രങ്ങളുടെയും ധ്യാനകേന്ദ്രങ്ങളുടെയും പരസ്യങ്ങൾ ഇടവകയ്ക്കു പുറത്തു നല്കേണ്ടിവരുന്ന സാഹചര്യത്തിൽ വേണ്ടത്ര വിവേകം, ബന്ധപ്പെട്ടവരും വികാരിമാരും കാണിക്കണം. 'മഹാ ഊട്ടുനേർച്ച', 'അദ്ഭുതരോഗശാന്തിധ്യാനം' തുടങ്ങിയ പദപ്രയോഗങ്ങൾ ഒഴിവാക്കണം. ഇക്കാര്യത്തിൽ രൂപതാകാര്യാലയം നല്കുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

4. ഇടവക ദൈവാലയത്തിലെ പ്രധാന തിരുന്നാളുകൾ കൂടാതെ ഇടവക അതിർത്തിക്കുകീഴിൽ വരുന്ന കുരുശടികളിലും കപ്പേളകളിലും തിരുന്നാളുകൾ വലിയ തോതിൽ നടത്തുന്ന പ്രവണത തീർത്തും നിരുത്സാഹപ്പെടുത്തണം. കപ്പേളകളും, കുരിശടികളും ഇടവകകളും തമ്മിൽ മത്സരബുദ്ധിയോടെയും വലിയ ആർഭാടത്തോടെയും തിരുനാളുകൾ നടത്തുന്നതും നിയന്ത്രിക്കപ്പെടേണ്ടതാണ്.

5. തിരുനാളാഘോഷങ്ങൾ പ്രധാനമായും ആത്മീയ ഉണർവിനും ജീവിതനവീകരണത്തിനും കൂട്ടായ്മ പരിപോഷണത്തിനും സഹായകമാണെന്ന് ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം. ആഘോഷങ്ങളുടെ പേരിൽ പണം ധൂർത്തടിക്കാൻ ഒരിക്കലും ഇടവരരുത്. തിരുനാളുകൾ നടത്താൻ ഇടവകകൾ ചെലവഴിക്കുന്ന തുകയുടെ നിശ്ചിതശതമാനം സാമൂഹികപ്രവർത്തനത്തിനും ദരിദ്രരെ സഹായിക്കുന്നതിനും വേണ്ടി മാറ്റിവയ്ക്കണം. മൊത്തം തുകയുടെ എത്ര ശതമാനമാണ് ഉപവിപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതെന്ന് രൂപതകളും ഇടവകകളും നിശ്ചയിക്കേണ്ടതാണ്.

6. ക്രിസ്തുകേന്ദ്രീകൃതഭക്തിയിൽ നിന്ന് വിശ്വാസികളെ അകറ്റുന്ന പുതിയ ഭക്ത്യാഭ്യാസങ്ങളും നേർച്ചാരീതികളും ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. ഊട്ടുനേർച്ചയ്ക്കും മറ്റും നല്കപ്പെടുന്ന അമിതപ്രാധാന്യം ഇത്തരത്തിലുള്ളതാണ്. പായസം, തമുക്ക് തുടങ്ങിയ നേർച്ചവസ്തുക്കൾ ലാഭം ലക്ഷ്യംവച്ചുകൊണ്ട് വില്പന നടത്തുന്നത് അഭികാമ്യമല്ല.

7. തിരുനാളാഘോഷപരിപാടികൾ വൈകുന്നേരങ്ങളിലാണെങ്കിൽ രാത്രി എത്ര മണിക്കു സമാപിക്കണം എന്നത് അതത് രൂപതകൾ നിശ്ചയിക്കേണ്ടതാണ്. രാത്രി ഏറെ വൈകി തിരുനാളാഘോഷങ്ങളും ദൈവാലയാങ്കണത്തിൽ കലാപരിപാടികളും നടത്തുന്നത് നിരുത്സാഹപ്പെടുത്തണം. ഇക്കാര്യത്തിൽ രാജ്യത്ത് നിലവിലുള്ള നിയമങ്ങൾ കർക്കശമായി പാലിക്കപ്പെടേണ്ടതാണ്. തിരുനാളുകളോടനുബന്ധിച്ച്, മനുഷ്യരെ നന്മയിലേക്കു നയിക്കാനുതകുന്ന കലാപരിപാടികളേ നടത്താവൂ. നമ്മുടെ സംസ്കാരത്തിനും പൈതൃകത്തിനും നല്ല പാരമ്പര്യങ്ങൾക്കും ക്രൈസ്തവമൂല്യങ്ങൾക്കും ഭംഗമുണ്ടാക്കുന്ന പരിപാടികൾ ദൈവാലയാങ്കണത്തിൽ അരങ്ങേററരുത്.

8. തിരുനാൾ, നൊവേന, ജൂബിലി തുടങ്ങിയ ആഘോഷങ്ങൾക്ക്, ആർഭാടത്തിനുവേണ്ടി ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കുന്നത് അഭിലഷണീയമല്ല. രൂപതയ്ക്കു പുറത്തുള്ള മെത്രാന്മാരെ ക്ഷണിക്കുന്നപക്ഷം, രൂപതക്കച്ചേരിയിൽ നിന്ന് മുൻകൂട്ടി അനുവാദം രേഖാമൂലം വാങ്ങേണ്ടതാണ്.

9. തിരുനാളാഘോഷങ്ങൾക്ക് ഇതര പള്ളികളിൽ നിന്ന് സ്വർണക്കുരിശുകൾ, വെള്ളിക്കുരിശുകൾ എന്നിവ വാടകയ്ക്കു വാങ്ങുന്നതും കൊടുക്കുന്നതും നിരുത്സാഹപ്പെടുത്തണം.

10. തിരുനാൾപ്രദക്ഷിണം ഭക്തിനിർഭരമായും ഗതാഗതത്തിനു തടസ്സം വരാതെയുമാണു നടത്തേണ്ടത്. തിരുനാളാഘോഷങ്ങൾ പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ടു സൃഷ്ടിക്കാതെ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തിരുന്നാൾ പ്രദിക്ഷണങ്ങൾക്ക് പോലീസിൽനിന്ന് മുൻകൂട്ടി അനുവാദം വാങ്ങിച്ചിരിക്കണം. ഇക്കാര്യത്തിൽ നിയമപാലകർ നല്കുന്ന നിർദ്ദേശങ്ങൾ കാർക്കശ്യത്തോടെ പാലിക്കപ്പെടണം.

11. തിരുനാളിന്റെ ഭാഗമായി കണ്ടുവരുന്ന കരിമരുന്നുപ്രയോഗം നിരുത്സാഹപ്പെടുത്തേണ്ടതാണ്. വെടിക്കെട്ടുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ഇത് ഏറെ സഹായകമാകും. ഒപ്പം, തിരുനാൾച്ചെലവു കുറയ്ക്കാനും ഇതു ഉപകരിക്കും. വെടിക്കെട്ടുകൾ നടത്തുന്ന സാഹചര്യത്തിൽ, രാജ്യത്തു നിലവിലുള്ള നിയമങ്ങളും സുരക്ഷാമാനദണ്ഡങ്ങളും കർക്കശമായി പാലിക്കേണ്ടതാണ്.

12. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന രീതിയിലുള്ള ഫ്ളക്സ്, പ്ലാസ്റ്റിക് എന്നിവയുടെ ഉപയോഗം, തിരുനാളവസരങ്ങളിൽ നിയന്ത്രിക്കണം. ശബ്ദമലിനീകരണം ഉളവാക്കുന്ന ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ തിരുനാളവസരങ്ങളിൽ കർക്കശമായി പാലിക്കപ്പെടേണ്ടതാണ്.

കേരളകത്തോലിക്കാമെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് ജോഷാ മാർ ഇഗ്നാത്തിയോസ്,**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്,**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

N.B. സാധിക്കുന്ന ഒരു ഞായറാഴ്ച ദിവ്യബലിമധ്യേ കെ.സി.ബി.സി.യുടെ അജപാലന മാർഗനിർദ്ദേശങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു നല്കേണ്ടതും രൂപതാ – ഇടവകബുള്ളറ്റിനുകളിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025/29.06.2010/Ref: 1133/K 35/OL/KCBC/DS